"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — കൊല്ലം ജില്ല — പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് — മുൻ സീനിയർ ക്ലർക്ക് ശ്രീ.സജീവ്.കെ — യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.339/2025/LSGD തീയതി, തിരുവനന്തപുരം, 04-02-2025

---

പരാമർശം:—
1. പഞ്ചായത്ത് ഡയറക്ടറുടെ 26.12.2021ലെ PAN/15274/2021-E4(DP) നമ്പർ കത്ത് മുഖേന ലഭ്യമായ ശ്രീ.സജീവ്. കെ — യുടെ അവധി അപേക്ഷ
2. 05.03.2022 ലെ ഇപിഎ1/12/2022-ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2024ലെ LSGD/PD/403/2023-DEC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സജീവ്.കെ — യ്ക്ക് തിരുവനന്തപുരം ആർ സി സി-യിലെ ചികിത്സാർത്ഥം 07.03.2021 മുതൽ 06.03.2022 വരെയായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായുള്ള പരാമർശം (1) അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. ടി അപേക്ഷ പരിശോധിച്ച് വരവേ അപേക്ഷയിൽ അപാകതകൾ കണ്ടെത്തിയതിനാലും ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്ന് കണ്ടതിനാലും അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നെങ്കിലും 2022 മാർച്ച് 2-ാം തീയതി അപേക്ഷകൻ മരണപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷയിൻമേലുള്ള അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യമാണുള്ളതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. സജീവ്.കെ-യുടെ ചികിത്സാ സംബന്ധമായ ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമല്ലെങ്കിലും 07.03.2021 മുതൽ 06.03.2022വരെയുള്ള കാലയളവിലേയ്ക്ക് ലഭ്യമാക്കിയ ചട്ടപ്രകാരമുള്ള അവധി അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാൻ മരണപ്പെട്ട സാഹചര്യം കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി 07.03.2021 മുതൽ ടിയാൾ മരണതീയതിയായ 02.03.2022 വരെയുള്ള മുഴുവൻ കാലയളവിലേയ്ക്കും കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം, ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്. തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ മുഖേന)

5.സജീവ് കെ യുടെ അനന്തരാവകാശികൾക്ക് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (21.11.2024ലെ e-2929103/ഡെവ-1/79/2024-ധന)

7.ഡയറക്ടർ, ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.12/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 05-02-2025 15:01:39